ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 03.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യ- ഘാന വ്യാപാരം അടുത്ത അഞ്ചു വർഷത്തിൽ ഇരട്ടിയാക്കാൻ ലക്ഷ്യമിടുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. വിവിധ മേഖലകളിലെ ധാരണാപത്രത്തിൽ ഇന്ത്യയും ഘാനയും ഒപ്പുവയ്ച്ചു.

   **India aims to double trade with Ghana in the next five years; says Prime Minister Narendra Modi. Both countries sign MoUs in various sectors.**

2. പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈ മാസം 21 മുതൽ ഓഗസ്റ്റ് 21 വരെ ചേരും. സമ്മേളനം വിളിച്ചുചേർക്കാനുള്ള സർക്കാരിന്റെ നിർദ്ദേശം രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചു.

   **Monsoon session of Parliament to be held from July 21 to August 21; President Droupadi Murmu approves government's proposal to convene the session.**

3. ഇന്ത്യ-യുഎസ് ബന്ധം പരസ്പര താൽപ്പര്യങ്ങൾ അടിസ്ഥാനമാക്കിയുള്ളതാണെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ.

India-US relationship is based on mutual interests, says External Affairs Minister S. Jaishankar.

4. പാകിസ്ഥാൻ ക്രിക്കറ്റ് താരങ്ങളുടെയും ചലചിത്ര നടന്മാരുടെയും സമൂഹമാധ്യമ അക്കൗണ്ടുകൾക്ക് വീണ്ടും നിരോധനം ഏർപ്പെടുത്തി കേന്ദ്ര സർക്കാർ.

Central government reimposes ban on social media accounts of Pakistani cricketers and film actors.

5. വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള മേഖലാ അവലോകന യോഗം കോട്ടയത്ത് പുരോഗമിക്കുന്നു.

Regional review meeting led by Chief Minister Pinarayi Vijayan underway in Kottayam to assess progress of various government schemes.

6. ബർമിംഗ്ഹാം ടെസ്റ്റ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും.

India's first innings batting to resume today against England in the Birmingham Test.

&&&&&&&&&&&&&&&&&&

**HEADLINE-1**

**PM VISIT GHANA (INTRO)**

*ഇന്ത്യ- ഘാന വ്യാപാരം അടുത്ത അഞ്ചു വർഷത്തിൽ ഇരട്ടിയാക്കുകയാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി ബന്ധം 300 കോടി അമേരിക്കൻ ഡോളറായതായും അദ്ദേഹം പറഞ്ഞു. ഇന്ത്യ-ഘാന സമഗ്ര പങ്കാളിത്തത്തിന് രൂപം നൽകാൻ തീരുമാനിച്ചതായും ഘാന പ്രസിഡൻറുമായുള്ള കൂടിക്കാഴ്ചയ്ക്ക് ശേഷം സംയുക്ത പ്രസ്താവനയിൽ പ്രധാനമന്ത്രി പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.........)*

*സാംസ്കാരിക രംഗം, ആയുർവേദം, പരമ്പരാഗത വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിലെ നാല് ധാരണാപത്രങ്ങളും ഇന്നലെ ഒപ്പു വച്ചു. ഘാനയുടെ ദേശീയ ബഹുമതിയായ - ഓഫീസർ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഘാന - പ്രസിഡന്റ് ജോൺ മഹാമ ശ്രീ മോദിക്ക് സമ്മാനിച്ചു. ഘാന വൈസ് പ്രസിഡന്റുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി. ഇന്ന് ഘാനയുടെ പാർലമെന്റിനെ അഭിസംബോധന ചെയ്യുന്ന ശ്രീ മോദി തലസ്ഥാനമായ അക്രയിൽ ഇന്ത്യൻ സമൂഹവുമായി സംവദിക്കും.*

&&&&&&&&&&&&&&&&&&

**PM VISIT–TRINIDAD AND TOBAGO**

അഞ്ച് രാജ്യങ്ങളിലേക്കുള്ള സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ പ്രധാനമന്ത്രി ഇന്ന് രാത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ്, പ്രധാനമന്ത്രി എന്നിവരുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകൾ നടത്തും. സന്ദർശന വേളയിൽ, പ്രധാനമന്ത്രി ട്രിനിഡാഡ് ആൻഡ് ടൊബാഗോ പാർലമെൻറിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. പോർട്ട് ഓഫ് സ്പെയിനിൽ ഇന്ത്യൻ പ്രവാസികളുടെ സമ്മേളനത്തിലും അദ്ദേഹം സംസാരിക്കും.

&&&&&&&&&&&&&&&&&&

**HEADLINE-2**

**RIJIJU– PARLIAMENT SESSION**

പാർലമെന്റിന്റെ വർഷകാല സമ്മേളനം ഈമാസം 21ന് ആരംഭിക്കും. അടുത്തമാസം 21 വരെ നീളുന്ന സമ്മേളനം വിളിച്ചുചേർക്കാനുള്ള സർക്കാരിന്റെ നിർദ്ദേശം രാഷ്ട്രപതി ദ്രൗപദി മുർമു അംഗീകരിച്ചതായി പാർലമെൻററി കാര്യ മന്ത്രി കിരൺ റിജിജു അറിയിച്ചു. സ്വാതന്ത്ര്യദിനാഘോഷം കണക്കിലെടുത്ത് ഓഗസ്റ്റ് 13, 14 തീയതികളിൽ സഭ ചേരില്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&

## HEADLINE-4

## PAK- SOCIAL MEDIA BAN

പാകിസ്ഥാൻ ക്രിക്കറ്റ് താരങ്ങളുടെയും ചലചിത്ര നടന്മാരുടെയും സമൂഹമാധ്യമ അക്കൗണ്ടുകൾക്ക് ഇന്ത്യയിൽ വീണ്ടും നിരോധനം ഏർപ്പെടുത്തി കേന്ദ്ര സർക്കാർ. ഇന്ത്യ വിരുദ്ധത പ്രചരിപ്പിച്ചതിനെ തുടർന്ന് ഈ വർഷം മേയിൽ നിരവധി പാകിസ്ഥാനി യൂട്യൂബ് ചാനലുകൾക്കും സമൂഹമാധ്യമ അക്കൗണ്ടുകൾക്കും നിരോധനം ഏർപ്പെടുത്തിയിരുന്നു. താരങ്ങളുടെ വെബ് സീരീസുകൾ. ചലചിത്രങ്ങൾ, പാട്ടുകൾ, പോഡ്കാസ്റ്റുകൾ തുടങ്ങിയവയവയുടെ സ്ട്രീനിങ് നിർത്തിവയ്ക്കാൻ മാധ്യമങ്ങൾക്കും ഒടിടി പ്ലാറ്റ്ഫോമുകൾക്കും നിർദേശം നൽകിയിരുന്നു.

&&&&&&&&&&&&&&&&&

## RBI-PRE PAYMENT NORMS

ബിസിനസ്സ് ഇതര ആവശ്യങ്ങൾക്കായി വ്യക്തികൾ എടുക്കുന്ന ഫ്ലോട്ടിംഗ് പലിശ നിരക്കുള്ള വായ്പകളിൽ മുൻകൂർ പിഴ ഈടാക്കുന്നതിൽ നിന്ന് ബാങ്കുകളെയും മറ്റ് വായ്പാദാതാക്കളെയും വിലക്കി റിസർവ് ബാങ്ക് . ഇതുമായി ബന്ധപ്പെട്ട പുതിയ മാനദണ്ഡം അടുത്ത വർഷം മുതൽ പ്രാബല്യത്തിൽ വരും. പേയ്മെന്റ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്കിങ് ഇതര ധനകാര്യ കമ്പനികൾ , അഖിലേന്ത്യാ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഒഴികെയുള്ള വാണിജ്യ ബാങ്കുകൾക്ക് നിർദ്ദേശം ബാധകമാണ്.

&&&&&&&&&&&&&&&&&

## OM BIRLA-CONFERENCE

നഗര തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ജന പങ്കാളിത്തം ആവശ്യമെന്ന് ലോക് സഭ സ്പീക്കർ ഓം ബിർള. സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ പങ്കെടുക്കുന്ന ദേശീയസമ്മേളനം ഹരിയാനയിലെ ഗുരുഗ്രാമിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജനങ്ങൾ, ജനപ്രതിനിധികൾ എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പ്രശ്ന പരിഹാരം സാധ്യമാകുമെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

## DAY. J K-KISHTWAR ENCOUNTER

ജമ്മു കശ്മീരിലെ കിഷ്ത്വാർ ജില്ലയിലെ വനമേഖലയിൽ ഭീകരവാദികൾക്കായി സുരക്ഷാസേന തെരച്ചിൽ ശക്തമാക്കി. മേഖലയിൽ ഇന്നലെ ഭീകരരുമായി ഏറ്റമുട്ടലുണ്ടായിരുന്നു. വനപ്രദേശത്ത് ഭീകരരുടെ സാന്നിധ്യമുണ്ടെന്ന രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ പോലീസും സൈന്യവും സിആർപിഎഫും ചേർന്ന് തെരച്ചിൽ നടത്തുന്നതിനിടെയായിരുന്നു ഏറ്റുമുട്ടൽ.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## AMARNATH YATRA

38 ദിവസം നീണ്ടുനിൽക്കുന്ന അമർനാഥ് തീർഥ യാത്രക്ക് തുടക്കമായി. പഹൽഗാം , ബാൽതാൽ എന്നീ പാതകളിലൂടെയാണ് അമർനാഥിലേക്കുള്ള യാത്ര. മേഖലയിൽ കനത്ത സുരക്ഷയാണ് ഒരുക്കിയിട്ടുള്ളത്. ബാൽതാൽ വഴി 2,300- ഉം , പഹൽഗാമിലൂടെ 3,000 തീർഥാടകരുമാണ് യാത്ര നടത്തുന്നത്.

&&&&&&&&&&&&&&&&&&

## HEADLINE-3

## JAISHANKAR-PAK (INTRO)

*ഇന്ത്യ- അമേരിക്ക ബന്ധത്തെ പാകിസ്ഥാൻ ഒരു തരത്തിലും ബാധിക്കില്ലെന്ന് വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ. ഇന്ത്യ-യുഎസ് ബന്ധം പരസ്പര താൽപര്യങ്ങളിൽ അധിഷ്ഠിതമാണെന്നും മൂന്നാമതൊരു രാജ്യത്തെ അടിസ്ഥാനമാക്കിയല്ലെന്നും അദ്ദേഹം വാഷിംഗ്ടണിൽ നടന്ന വാർത്താ സമ്മേളനത്തിൽ പറഞ്ഞു.*

*(ഹോൾഡ് വോയ്സ്.....)*

*ഇന്ത്യയും പാകിസ്ഥാനും തമ്മിലുള്ള വെടിനിർത്തലിന് സഹായിച്ചെന്ന യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അവകാശവാദത്തെ ശ്രീ ജയ്ശങ്കർ നിഷേധിച്ചു. ക്വാഡ് മന്ത്രിതല യോഗത്തിൽ യുഎസ് സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോയുമായും ഓസ്ട്രേലിയ, ജപ്പാൻ വിദേശകാര്യ മന്ത്രിമാരുമായും അദ്ദേഹം ചർച്ച നടത്തി.*

&&&&&&&&&&&&&&&&&&

## HEADLINE-5

## CM-KOTTAYAM

വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി വിലയിരുത്താനുള്ള മേഖലാ അവലോകന യോഗങ്ങൾ സംസ്ഥാനത്ത് പുരോഗമിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ കോട്ടയം, ഇടുക്കി, എറണാകുളം, ആലപ്പുഴ ജില്ലകളുടെ യോഗം ഇപ്പോൾ കോട്ടയത്ത് നടക്കുകയാണ്. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, കലക്ടർമാർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## SCIENCE CITY

കോട്ടയം കോഴായിൽ സ്ഥാപിച്ച സയൻസ് സിറ്റിയുടെ ഒന്നാംഘട്ടം ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മന്ത്രി ആർ. ബിന്ദു അധ്യക്ഷയാകുന്ന ചടങ്ങിൽ കേന്ദ്രമന്ത്രി ഗജേന്ദ്രസിങ് ശെഖാവത്ത്, മന്ത്രി

വി.എൻ. വാസവൻ എന്നിവർ മുഖ്യാതിഥികളാകും. ഉന്നതവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയത്തിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാർ അനുവദിച്ച 30 ഏക്കറിലാണ് സയൻസ് സിറ്റിയുടെ നിർമാണം. ജൈവ വൈവിധ്യ പാർക്കിൻറെ നിർമാണവും മുഖ്യമന്ത്രി ഉദ്ഘാടനംചെയ്യും.

&&&&&&&&&&&&&&&&&

**V N VASAVAN**

കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ കെട്ടിടം ഇടിഞ്ഞു വീണു. പതിനാലാം വാർഡിലെ ശുചിമുറി ഉൾപ്പെട്ട ഭാഗമാണ് പൊളിഞ്ഞു വീണത്. മന്ത്രിമാരായ വീണാ ജോർജ്, വി.എൻ വാസവൻ എന്നിവർ അപകട സ്ഥലം സന്ദർശിച്ചു. ഉപയോഗിക്കാതെ അടച്ചിട്ടിരുന്ന കെട്ടിടമാണ് ഇടിഞ്ഞതെന്നും ആർക്കും സാരമായ പരിക്കുകൾ ഇല്ലെന്നും മന്ത്രിമാർ വ്യക്തമാക്കി.

&&&&&&&&&&&&&&&&&

**HEADLINE-6**

**Birmingham Cric**

ബർമിംഗ്ഹാം ടെസ്റ്റ് ക്രിക്കറ്റിൽ ഇംഗ്ലണ്ടിനെതിരെ ഇന്ത്യയുടെ ഒന്നാം ഇന്നിംഗ്സ് ബാറ്റിംഗ് ഇന്ന് പുനരാരംഭിക്കും. ആദ്യ ദിനം ഇന്ത്യ അഞ്ച് വിക്കറ്റിന് 310 റൺസ് നേടി. ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലിന്റെ സെഞ്ചുറി മികവിലാണ് ഇന്ത്യയുടെ സ്കോർ 300 കടന്നത്. ഓപ്പണർ യശ്വസി ജയ്സ്വാൾ 87 റൺസ് നേടി. 114 റൺസുമായി ഗില്ലും 41 റൺസുമായി ജഡേജയുമാണ് ക്രീസിൽ.

&&&&&&&&&&&&&&&&&

**KHELO BHARAT NIT**

ദേശീയ കായിക നയം 2025 സംബന്ധിച്ച് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ സംഘടിപ്പിക്കുന്ന മാധ്യമ സമ്മേളനത്തിന് തിരുവനന്തപുരത്ത് തുടക്കമായി. പരിപാടിയിൽ, രാജ്യത്ത് എല്ലാവരെയും ഉൾച്ചേർത്തുള്ള മികച്ച കായിക അന്തരീക്ഷം സൃഷ്ടിക്കുന്ന വിഷയത്തിൽ ചർച്ചകൾ നടക്കും. കായിക രംഗത്തെ വിദഗ്ധർ, മുതിർന്ന ഉദ്യോഗസ്ഥർ, മാധ്യമപ്രവർത്തകർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

&&&&&&&&&&&&&&&&&&

## FOOTBALL - AFC ASIAN CUP

തായ്‌ലൻഡിൽ നടക്കുന്ന എ.എഫ്.സി വനിതാ ഫുട്ബോൾ ഏഷ്യൻ കപ്പ് യോഗ്യതാ മത്സരത്തിൽ ഇറാഖിനെ ഇന്ത്യ എതിരില്ലാത്ത അഞ്ച് ഗോളിന് പരാജയപ്പെടുത്തി. ഇതോടെ, ഏഷ്യൻ കപ്പ് യോഗ്യതയിൽനിന്ന് ഒരു പടി മാത്രം അകലെയാണ് ബ്ലൂ ടൈഗ്രസ്സസ്. ശനിയാഴ്ച - തായ്‌ലൻഡിനെതിരെയാണ് ഇന്ത്യയുടെ അടുത്ത മത്സരം.

&&&&&&&&&&&&&&&&&&

## Hockey India

15-ാമത് ഹോക്കി ഇന്ത്യ സബ് ജൂനിയർ വനിതാ ദേശീയ ചാമ്പ്യൻഷിപ്പിന് ഝാർഖണ്ഡിലെ റാഞ്ചിയിൽ തുടക്കം. ഈ മാസം 14 വരെ നടക്കുന്ന ടൂർണമെൻറിൽ 28 ടീമുകൾ മത്സരിക്കും.

&&&&&&&&&&&&&&&&&&

## RAIN

കേരളത്തിൽ വടക്കൻ ജില്ലകളിൽ വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## IMD-Himachal Pradesh-

അടുത്ത ആറ് ദിവസങ്ങളിൽ കേരളം, മാഹി, ലക്ഷദ്വീപ്, കർണാടക, തെലങ്കാന ഉൾപ്പെടെ രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ ഇടിമിന്നലോടു കൂടിയ മഴക്ക് സാധ്യത എന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹിമാചൽ പ്രദേശിൽ കനത്ത മഴയെ തുടർന്നുണ്ടായ മണ്ണിടിച്ചിലിലും , മേഘവിസ്ഫോടനത്തിലും ജീവഹാനിയും നാശനഷ്ടവും ഉണ്ടായി. ഈ മാസം

എട്ട് വരെ ഹിമാചലിൽ കനത്ത മഴ തുടരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.

&&&&&&&&&&&&&&&&&

## Uttarakhand Landslide

ഉത്തരാഖണ്ഡിൽ സോൻപ്രയാഗിൽ മണ്ണിടിച്ചിലിൽ കുടുങ്ങിയ 40 ഓളം പേരെ സംസ്ഥാന ദുരന്ത നിവാരണ സേന രക്ഷപ്പെടുത്തി. കേദാർനാഥ് ധാമിൽ നിന്ന് മടങ്ങുകയായിരുന്ന സംഘമാണ് ഇന്നലെ മണ്ണിടിച്ചിലിനെ തുടർന്ന് കുടുങ്ങിയത്. തുടർച്ചയായ മഴയും മണ്ണിടിച്ചിലും യമുനോത്രി - ബദരീനാഥ് ദേശീയ പാതകളിലെ ഗതാഗതത്തെ സാരമായി ബാധിച്ചു. വിവിധ പ്രദേശങ്ങളിൽ വൈദ്യുതിയും ജലവിതരണവും തടസപ്പെട്ടു.

&&&&&&&&&&&&&&&
&&&&&&&&&&&&
&&&&&&&&
&&&&&&&
&&&&&&